بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa02.04.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(8)

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ۝ الرَّحۡمٰنِ الرَّحِیۡمِ۝ مٰلِکِ یَوۡمِ الدِّیۡنِ۝ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ۝

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണമാണ് നടന്നു വന്നിരുന്നത്. ഇന്നും അതു തന്നെ തുടരുന്നതാണ്. ഹദ്റത്ത് ഉസ്മാൻ വളരെയധികം ചാരിത്ര്യശുദ്ധിയും ലജ്ജയുമുള്ള വ്യക്തിയായിരുന്നു. ഇതേക്കുറിച്ച് ഒരു നിവേദനം ഉണ്ട്. പ്രവാചകൻ പറഞ്ഞു എന്റെ സമുദായത്തിൽ എന്റെ സമുദായത്തോട് ഏറ്റവുമധികം കരുണ ചെയ്യുന്നവൻ അബൂബക്കറാണ്. ഉത്തമ തീരുമാനമെടുക്കുന്നവൻ അലി ബിൻ അബീ താലിബാണ്. അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തിൽ അവരിൽ ഏറ്റവും അധികം ദൃഢതയുള്ളത് ഉമറിനാകുന്നു. അവരുടെ കൂട്ടത്തിൽ ഏറ്റവും അധികം യഥാർഥ ലജ്ജ ഉള്ളവൻ ഉസ്മാനാകുന്നു. ഏറ്റവും നല്ല നിലയിൽ വിധി കല്പിക്കുന്നവൻ അലി ബിൻ അബീ താലിബാണ്. അവരിൽ ഏറ്റവും അധികം ദൈവഗ്രന്ഥമായ വിശുദ്ധ ഖുർആൻ ജ്ഞാനി ആണ് ഉബയ് ബിൻ കഅ്ബാണ്. അവരിൽ ഏറ്റവും കൂടുതൽ ഹലാലും ഹറാമും അറിയുന്നവൻ മആദ് ബിൻ ജബ്ലാണ്. അവരിൽ വച്ച് ഏറ്റവും അധികം ഫർളുകളിൽ പരിജ്ഞാനമുള്ളവൻ സയ്ദ് ഇബ്നു സാബിത്ത് ആകുന്നു. കേട്ടുകൊള്ളുക, എല്ലാ സമുദായത്തിനും ഒരു അമാനത്ത് സൂക്ഷിക്കുന്നവൻ ഉണ്ടാകും. ഈ സമുദായത്തിലെ അമീൻ അഥവാ വിശ്വസ്തൻ അബൂ ഉബൈദ ബിൻ ജറാഹ് ആകുന്നു.

ഹദ്റത്ത് ഉസ്മാൻ സ്വയം തന്നെ പറയുന്നു, ഞാൻ പത്തു കാര്യങ്ങൾ ദൈവസമക്ഷത്തേക്കായി രഹസ്യമാക്കി വച്ചിട്ടുണ്ട്. ഞാൻ ആദ്യമായി ഇസ്‌ലാം മതം ആശ്ലേഷിക്കുന്നവരിൽ നാലാമത്തവനാണ്. ഞാൻ ഒരിക്കലും വ്യർഥവും കളി തമാശയുമായുള്ള ഗാനങ്ങൾ ശ്രവിക്കുകയോ കള്ളം പറയുകയോ ചെയ്തിട്ടില്ല. റസൂലുല്ലാഹ്(സ)യിൽ അനുസരണ പ്രതിജ്ഞ ചെയ്ത ശേഷം വലം കൈകൊണ്ട് തന്റെ രഹസ്യ സ്ഥാനം ഞാൻ സ്പർശിച്ചിട്ടില്ല. ഇസ്‌ലാം സ്വീകരിച്ച ശേഷം ഞാൻ അടിമകൾ സ്വതന്ത്രമാകാത്ത ഒരു ജുമുഅ പോലും കടന്നു പോയിട്ടില്ല. എന്റെ പക്കൽ അടിമകൾ ഇല്ലാത്ത ജുമുഅ ഒഴികെ. അങ്ങനെ വരുമ്പോൾ ജുമുഅ അല്ലാത്ത മറ്റേതെങ്കിലും ദിവസം അടിമകളെ സ്വതന്ത്രരാക്കുമായിരുന്നു. ഞാൻ ജാഹിലിയ്യാ കാലഘട്ടത്തിലും വ്യഭിചരിച്ചിട്ടില്ല, ഇസ്‌ലാമിൽ വന്ന ശേഷവും വ്യഭിചരിച്ചിട്ടില്ല.

അബ്ദുല്ലാഹ് ബിൻ മസ്ഊദ് വിവരിക്കുന്നു, ഞങ്ങൾ തിരുനബി(സ)യോടൊപ്പം ഒരു യുദ്ധത്തിലായിരുന്നു. ജനങ്ങൾക്ക് വിശപ്പിന്റെ കാഠിന്യം അനുഭവപ്പെട്ടു. എത്രത്തോളമെന്നാൽ ഞാൻ മുസ്‌ലീങ്ങളുടെ മുഖത്ത് വെപ്രാളവും മുനാഫിഖുകളുടെ മുഖത്ത് സന്തോഷവും കണ്ടു. അല്ലാഹുവാണ, നിങ്ങൾക്കു വേണ്ടി അവൻ ഭക്ഷണത്തിന് സൗകര്യം ഉണ്ടാക്കുന്നതിനു മുമ്പായി ഇന്ന് സൂര്യൻ അസ്തമിക്കുന്നതല്ല. ഹദ്റത്ത് ഉസ്മാൻ ഇക്കാര്യം അറിഞ്ഞപ്പോൾ പറയുകയുണ്ടായി, അല്ലാഹുവും അവന്റെ റസൂലും സത്യമാണ് പറയുന്നത്. അങ്ങനെ അദ്ദേഹം ധാന്യങ്ങൾ ചുമന്നു കൊണ്ടുള്ള പതിനാല് ഒട്ടകങ്ങളെ വിലയ്ക്കു വാങ്ങി. അതിൽ ഒമ്പത് എണ്ണത്തെ തിരുനബി(സ)യുടെ സവിധത്തിലേക്ക് അയച്ചു. റസൂലുല്ലാഹ്(സ) അത് കണ്ടപ്പോൾ അതെന്താണ് എന്നു തിരക്കി. ഉസ്മാൻ അങ്ങയുടെ സമക്ഷം ഉപഹാരമായി അയച്ചതാണ് ഇതെന്ന് പറയപ്പെട്ടു. അതു കേട്ടപ്പോൾ തിരുനബി(സ)യുടെ മുഖത്ത് ആഹ്ലാദം അലതല്ലി. മുനാഫിഖുകളുടെ മുഖത്ത് പരിഭ്രമവും വിഷമവും പടർന്നു. അപ്പോൾ ഞാൻ കണ്ടു, റസൂലുല്ലാഹ്(സ) തന്റെ കക്ഷത്തിലെ വെളുപ്പ് പ്രകടമാകും ഇതും ഇരു കൈകളും മേൽപ്പോട്ടുയർത്തി ഉസ്മാന് വേണ്ടി പ്രാർഥിച്ചു ഞാൻ റസൂലുല്ലാഹ്(സ) ഇപ്രകാരം ആർക്കെങ്കിലും വേണ്ടി ദുആ ചെയ്യുന്നതായി മുമ്പ് ഒരിക്കലും കണ്ടിട്ടില്ല. പിൽക്കാലത്തും കണ്ടിട്ടില്ല. ആ ദുആ ഇപ്രകാരമായിരുന്നു, **അല്ലാഹുമ്മ ആത്തി ഉസ്മാൻ, അല്ലാഹുമ്മ ഇഫ്അൽ ബിഉസ്മാൻ.** അതായത് അല്ലാഹുവേ ഉസ്മാന് അധികം അധികമായി നല്കേണമേ. ഉസ്മാന് അനുഗ്രഹാശിസ്സുകൾ ചൊരിയണമേ.

ഹദ്റത്ത് ആയിശ വിവരിക്കുന്നു, തിരുനബി(സ) ഒരിക്കൽ എന്റെ പക്കൽ വന്നപ്പോൾ മാംസം ഇരിക്കുന്നത് കണ്ടു. അതാരാണ് കൊടുത്തയച്ചത് എന്ന് ആരാഞ്ഞു. ഹദ്റത്ത് ഉസ്മാനാണ് അത് അയച്ചതെന്ന് ഞാൻ മറുപടി നല്കി. അപ്പോൾ തിരുനബി(സ) ഇരു കൈകളും ഉയർത്തി ഉസ്മാന് വേണ്ടി ദുആ ചെയ്യുകയുണ്ടായി.

ഹദ്റത്ത് സഈദ് ബിൻ യർബൂഅ് നിവേദനം ചെയ്യുന്നു, ഞാൻ ബാലൻ ആയിരുന്നപ്പോൾ പള്ളിയിൽ കളിക്കുകയായിരുന്നു. ഞാൻ അവിടെ ഒരു സുന്ദര വദനനായ മഹാത്മാവ് കിടക്കുന്നതു കണ്ടു. അദ്ദേഹത്തിന്റെ തലയ്ക്കു കീഴിൽ ഒരു ഇഷ്ടിക കഷണം ഉണ്ടായിരുന്നു. അദ്ദേഹത്തെ ഞാൻ അതിശയത്തോടെ നോക്കിനിന്നു അദ്ദേഹം കണ്ണുകൾ തുറന്നിട്ട് എന്നോട് ഞാൻ ആരാണ് എന്ന് ആരാഞ്ഞു. അതിനു ശേഷം അവിടെയുണ്ടായിരുന്ന ഒരു പയ്യനോട് എനിക്ക് വേണ്ടി ഒരു വസ്ത്രവും ആയിരം ദിർഹമും കൊണ്ടുവരാൻ കല്പിച്ചു. എന്നിട്ട് അവ എനിക്ക് നല്കി. എന്നോട് അത്തരത്തിൽ പെരുമാറിയത് അമീറുൽ മുഅ്മിനീൻ ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ആണെന്ന് എന്റെ പിതാവ് എന്നോട് പറഞ്ഞു.

ഇബ്നു ജരീർ നിവേദനം ചെയ്യുന്നു, ഹദ്റത്ത് ത്വൽഹ ഹ

ദ്റത്ത് ഉസ്മാനെ പള്ളിയിലേക്ക് പോകുന്ന വഴിക്ക് വച്ച് കണ്ടപ്പോൾ പറഞ്ഞു, എനിക്ക് താങ്കളോട് അമ്പതിനായിരം ദിർഹമിന്റെ കടബാധ്യതയുണ്ട്. അത്രയും സംഖ്യ ഇപ്പോൾ എന്റെ പക്കലുണ്ട്. അത് വാങ്ങിക്കാനായി താങ്കൾ ആരെയെങ്കിലും എന്റെ അടുത്തേക്ക് അയച്ചാലും. അത് കേട്ടപ്പോൾ അവർ പറഞ്ഞു, താങ്കളുടെ മാന്യത മാനിച്ചുകൊണ്ട് അത് നാം താങ്കൾക്ക് ഉപഹാരമായി തന്നിരിക്കുന്നു. അത് തിരികെ തരേണ്ട എന്ന് പറഞ്ഞു.

ഹദ്റത്ത് ഉസ്മാന് വഹ്‌യ് എഴുതാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് ആയിശ പറയുന്നു, ഞാൻ ഹദ്റത്ത് ജിബ്‌രീൽ തിരുനബി(സ)ക്ക് വഹ്‌യ് ഇറക്കുന്ന സമയത്ത് ഒരു അത്യുഷ്ണ രാത്രിയിൽ ഈ വീട്ടിൽ തിരുനബി(സ)യോടൊപ്പം ഉസ്മാനെ കണ്ടിട്ടുണ്ട്. ഹദ്റത്ത് ഉസ്മാൻ തിരുനബിയുടെ മുമ്പിൽ ഇരുന്നുകൊണ്ട് എഴുതിക്കൊണ്ടിരുന്നു. തിരുനബി(സ) അല്ലയോ ഉസ്മാൻ, എഴുതുവിൻ എന്നു പറഞ്ഞിരുന്നു. ഹദ്റത്ത് ആയിശ വിവരിക്കുന്നു, അത്യധികം ബഹുമാനാദരങ്ങളുള്ള ഒരാൾക്ക് മാത്രമേ അല്ലാഹു ഇത്രയധികം തിരുനബിയുടെ സാമീപ്യം നല്കുകയുള്ളൂ.

ഹദ്റത്ത് അബൂബക്കറിന്റെ കാലത്ത് വിശുദ്ധ ഖുർആന്റെ കയ്യെഴുത്തു താളുകൾ സമാഹരിക്കപ്പെട്ടു. അതിനുശേഷം അത് ഉമറിന്റെ മകൾ ഹദ്റത്ത് ഹഫ്സയുടെ അടുത്ത് വന്നു. ഹദ്റത്ത് ഉസ്മാൻ(റ) കാലത്ത് ഖിർആത്തുകളിൽ (ഖുർആൻ പാരായണ രീതി) വ്യത്യാസം ഉണ്ടാകുകയും അത് വളരെ ആശങ്ക ജനിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ഹദ്റത്ത് ഉസ്മാൻ ഹദ്റത്ത് ഹഫ്സയുടെ പക്കൽ നിന്നും വിശുദ്ധ ഖുർആന്റെ പ്രാമാണിക മൂലം വരുത്തി അതിന് പകർപ്പുകൾ തയ്യാറാക്കാനായി ഹദ്റത്ത് സൈദുബ്നു സാബിത്(റ) ഹദ്റത്ത് അബ്ദുല്ലാഹിബ്നു സുബൈർ(റ), ഹദ്റത്ത് സഈദ് ബിൻ ആസ്(റ), ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഹാരിസ് ബിൻ ഹിശാം(റ) എന്നിവരെ കൊണ്ട് ഖുറൈശി ഭാഷാഭേദപ്രകാരം തയ്യാർ ചെയ്യിപ്പിച്ച് ഇസ്‌ലാമിക രാഷ്ട്രങ്ങളിലേക്ക് അയച്ചു കൊടുത്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറ: അഅ്‌ലയിലെ **സനുഖ്‌രിഉക്ക ഫലാ തൻസാ** എന്ന വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു, ഈ ആയത്തിന്റെ അർഥം ഇപ്രകാരമാകുന്നു. നാം നിന്നെ പഠിപ്പിക്കുന്ന വചനങ്ങൾ നീ ഖിയാമത്ത് നാൾ വരെ മറക്കുകയില്ല. മാത്രവുമല്ല ഇപ്പോഴുള്ള അതേപടി ഈ വചനങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതാണ്. റസൂൽ കരീം(സ) ജനസമക്ഷം അവതരിപ്പിച്ച അതേ രൂപത്തിലും ഭാവത്തിലും തന്നെ ഇന്നും വിശുദ്ധ ഖുർആൻ സുരക്ഷിതമാണ് എന്ന് ഇസ്‌ലാമിന്റെ കൊടും ശത്രുക്കൾ പോലും തുറന്ന നിലയിൽ അംഗീകരിക്കുന്നത് ഈ വാദത്തിനുള്ള സാക്ഷ്യമാണ്. പരിശുദ്ധ ഖുർആനെ കൂടാതെ മറ്റൊരു ഗ്രന്ഥത്തെ ക്കുറിച്ചും അതിന്റെ സ്ഥാപകനേതാവ് അവതരിപ്പിച്ച അതേ കെട്ടിലും മട്ടിലും ഇന്നും ലോകത്ത് നിലനില്ക്കുന്നു എന്ന് നമുക്ക് ഉറപ്പിച്ചു പറയാനാകില്ല എന്ന് നോൾഡ്കെ, വില്ല്യം മ്യൂർ തുടങ്ങിയ എല്ലാവരും തന്നെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഏറ്റു പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുന്നു, ഹദ്റത്ത് ഉസ്മാനെ ജനങ്ങൾ ഖുർആൻ സമാഹർത്താവ് എന്ന് വിളിക്കുന്നത് തികച്ചും തെറ്റാണ്. ഉസ്മാൻ വിശുദ്ധ ഖുർആന്റെ പ്രസിദ്ധീകരണം നടത്തി എന്ന് പറഞ്ഞാൽ ഏറെക്കുറെ ശരിയാണ്. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇസ്‌ലാം ദൂരദേശങ്ങളിൽ വ്യാപിച്ചിരുന്നു. ആയതിനാൽ അദ്ദേഹം ചില പ്രാമാണിക മൂലങ്ങളുടെ പകർപ്പുകൾ സിറിയ ബസ്വറ കൂഫ തുടങ്ങിയ പട്ടണങ്ങളിലേക്കും അതുപോലെ അറേബ്യയിലേക്കും അയക്കുകയുണ്ടായി. അല്ലാഹു ഇച്ഛിച്ച വിധത്തിലുള്ള ക്രമത്തോടെ തിരുനബി(സ) തന്നെയാണ് ഖുർആൻ സമാഹരിച്ചത്. അതേ ക്രമത്തോടെ ആണ് നമുക്കും അത് ലഭിച്ചിരിക്കുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു, മദീന ഒരു ദീർഘകാലം ഭരണ സിരാകേന്ദ്രമായി തുടർന്നതിനാൽ സമൂഹങ്ങളുടെ ഏകീകരണം നടന്നിരുന്നു. ആ സമയത്ത് മദീനക്കാർ ആയിരുന്നു ഭരണാധിപന്മാർ. എന്നാൽ അവരിൽ ഏറിയ പങ്കും മക്കയിൽ നിന്നും ഹിജ്റത്ത് ചെയ്തു വന്നവരായിരുന്നു. മക്കക്കാരുടെ സഹവാസ ത്തിൽ മദീനക്കാർ ഹിജാസി അറബി പഠിച്ചിരുന്നു. ഭരണം അവർക്ക് ആയിരുന്നതിനാലും മറ്റു പ്രദേശക്കാർ മദീനയിലെ മുഹാജിരീങ്ങളിൽ നിന്നും അൻസാറുകളിൽ നിന്നും മതം പഠിച്ചിരുന്നതിനാലും അപ്രകാരം എല്ലാ രാജ്യക്കാരുടെയും വൈജ്ഞാനിക ഭാഷ ഒന്നായി മാറിയിരുന്നു. അതു കൂടാതെ യുദ്ധങ്ങൾ കാരണമായും അറേബ്യ യിലെ വിവിധ ഗോത്രക്കാർക്ക് ഒരുമിക്കാനുള്ള അവസരം ഉണ്ടായിരുന്നു. അവരുടെ ഓഫീസർമാർ മുതിർന്ന സഹാബകൾ ആയിരുന്നതിനാൽ അവരോടൊപ്പമുള്ള സഹവാസവും അവരെ അനുകരിക്കാനുള്ള സഹജവാസനയും നിമിത്തം ഭാഷയുടെ ഏകീകരണവും നടന്നിരുന്നു. വിജ്ഞാന കുതുകികൾക്ക് അപ്പോഴേക്കും ഖുർആന്റെ ഭാഷയിൽ പൂർണമായും അവഗാഹം വന്നിരുന്നു. അതു കൊണ്ടുതന്നെ ഹിജാസി ഖിർആത്ത് അല്ലാത്ത മറ്റൊരു കാര്യത്തിനും അനുമതിയില്ലെന്ന് ഹദ്റത്ത് ഉസ്മാൻ കല്പന പുറപ്പെടുവിക്കുകയുണ്ടായി.

ശിയാക്കൾ ഹദ്റത്ത് ഉസ്മാന്റെ ഈ കല്പന ഉദ്ധരിച്ചാണ് ഇന്നത്തെ ഖുർആനെ ബയാദെ ഉസ്മാനി അഥവാ ഉസ്മാന്റെ കുറിപ്പുകൾ എന്ന് പറഞ്ഞ് ആക്ഷേപിക്കുന്നത്. എന്നാൽ ഇത് തികച്ചും തെറ്റായ ആരോപണമാണ്. ഹദ്റത്ത് ഉസ്മാന്റെ കാലമാകുമ്പോഴേക്കും അറബികളുടെ പരസ്പരമുള്ള സമ്പർക്കങ്ങൾക്ക് ഒരു നീണ്ട കാലമായിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് പരസ്പരമുള്ള ഭാഷ വ്യത്യാസങ്ങളെ കുറിച്ചുള്ള പൂർണമായ അവബോധം വന്നു കഴിഞ്ഞിരുന്നു. യഥാർഥത്തിൽ വിശുദ്ധ ഖുർആൻ ഹിജാസി ഭാഷയിലായിരുന്നു അവതരിച്ചിരുന്നത്. അതുപോലെ ഖിർആത്തിലെ വ്യത്യാസം ഇതര ഗോത്രവിഭാഗങ്ങൾ ഇസ്‌ലാമിലേക്ക് ചേക്കേറിയപ്പോൾ കടന്നു കൂടിയതാണ്.

ഒരു ഗോത്രത്തിന് ഭാഷാപരമായി മറ്റൊരു ഗോത്രവുമായി വ്യത്യാസം ഉണ്ടാകാൻ സാധ്യതയുണ്ട്. അല്ലെങ്കിൽ അവർക്ക് ഉച്ചാരണശുദ്ധി ഉണ്ടാകില്ല എന്നും വരാം. അല്ലെങ്കിൽ ചില പദങ്ങൾക്ക് അർഥവ്യത്യാസം ഉണ്ടാകും. ആയതിനാൽ റസൂൽ കരീം(സ) അല്ലാഹുവിന്റെ ഇംഗിത പ്രകാരം തന്നെ ചില വ്യത്യാസമുള്ള പദങ്ങളുടെ ഉച്ചാരണം മാറ്റുവാനും അതുപോലെ അവയുടെ സ്ഥാനത്ത് വേറെ പദം ഉപയോഗിക്കുവാനുമുള്ള അനുമതി നല്കിയി

രുന്നു. ഹദ്റത്ത് ഉസ്മാന്റെ കാലത്ത് സാംസ്കാരികവും ഭരണപരവുമായ പശ്ചാത്തലത്തിൽ ഗോത്രവിഭാഗീയതയുടെ സ്ഥിതിമാറി. ഒരൊറ്റ ഭാഷാ സമൂഹമായും ഒരൊറ്റ ജനതയുമായി അവർ മാറിയിരുന്നു. ഹിജാസി ഭാഷയുമായി അവർ പൂർണമായും പരിചയപ്പെട്ടു കഴിഞ്ഞിരുന്നു. ഖിർആത്തുകളിലെ വ്യത്യസ്തത നിലനിന്നാൽ ഭിന്നിപ്പുണ്ടാകുമെന്ന് ഹദ്റത്ത് ഉസ്മാൻ (റ) മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അവയുടെ ഉപയോഗം നിർത്തലാക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

ഹുസൂർ തിരുമനസ്സ് ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണം തുടരുന്നതാണ് എന്നു പറഞ്ഞ ശേഷം അൽജീരിയയിലെയും പാക്കിസ്ഥാനിലെയും അഹ്മദികൾക്കു വേണ്ടി ദുആ ചെയ്യാൻ ആഹ്വാനം ചെയ്തു കൊണ്ടു പറഞ്ഞു, അല്ലാഹു അവരുടെ പ്രയാസങ്ങൽ അകറ്റുന്നതിനായി ദുആ ചെയ്യുക. പ്രത്യേകിച്ച് പാക്കിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി ദുആ ചെയ്യുക. അവർക്ക് സമയാസമയങ്ങളിലായി നിയമത്തിന്റെ പേരിൽ പ്രയാസങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. അവർക്ക് ഒരു തരത്തിലുമുള്ള സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയാണ്. അതുപോലെ അൽജീരിയയിലെയും അഹ്മദികൾക്ക് അധികാരസ്ഥർ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

അതിനു ശേഷം ഹുസൂർ തിരുമനസ്സ് മർക്കസി ഐ.ടിയുടെ സഹകരണത്തോടെ തയ്യാറാക്കപ്പെട്ട ചൈനീസ് ഡസ്കിന്റെ വെബ്സൈറ്റിനെ കുറിച്ച് ഇപ്രകാരം വിളംബരപ്പെടുത്തി, ജുമുഅ നമസ്കാരാനന്തരം ഞാൻ ഈ വെബ്സൈറ്റ് ലോഞ്ച് ചെയ്യുന്നതായിരിക്കും. ഈ വെബ്സൈറ്റു മുഖേന ചൈനീസ് ഭാഷയിൽ ഇസ്‌ലാമിനെയും അഹ്മദിയ്യത്തിനെയും കുറിച്ചുള്ള വിപുലമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. അല്ലാഹു ഈ വെബ്സൈറ്റിനെ ചൈനയിലെ ജനസാമാന്യത്തിന് മാർഗദർശനത്തിനു നിദാനമാക്കട്ടെ. അവരുടെ ഹൃദയങ്ങൾ ഇസ്‌ലാമിനും അഹ്മദിയ്യത്തിനും വേണ്ടി തുറക്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ മുഹമ്മദ് യുനുസ് ഖാലിദ് സാഹിബ് മുറബ്ബി സിൽസില, ഡോ. നിസാമുദ്ദീൻ ബദൻ സാഹിബ് ഐവറിക്കോസ്റ്റ് , ഡോ. രാജാ നസീർ അഹ്മദ് സഫർ സാഹിബിന്റെ ഭാര്യ സൽമാ ബേഗം സാഹിബ, യു.കെ അശ്ശിർക്കത്തുൽ ഇസ്ലാമിയയുടെ ചെയർമാൻ അബ്ദുൽ ബാഖി സാഹിബിന്റെ ഭാര്യ കിശ്വർ തൻവീർ അ്ശ്റഫ് സാഹിബ, സുഡാനിലെ അബ്ദുർ റഹ്മാൻ ഹുസൈൻ മുഹമ്മദ് ഖൈർ സാഹിബ് എന്നിവരുടെ സുസ്മരണ നടത്തുകയും ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുകയുമുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 02.04.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516